# കൂടെ കൂട്ടിട്ടുപോകാനെന്തൊണ്ട്?

ഫാദർജി

ജീവിതപ്രവാഹങ്ങളിൽ വെറുമൊരു കുമിളയായി വിരിഞ്ഞ് നിമിഷാർദ്ധത്തിൽ പൊട്ടിത്തകരുന്ന മനുഷ്യന് പ്രത്യാശ നൽകുന്നതാണ് ക്രിസ്തുവിന്റെ ഉയിർപ്പ്.

ഞാൻ വഴിയും വാതിലുമാണെന്നു കൽപ്പിച്ചവൻ മരണത്തെ നിത്യതയിലേയ്ക്കുള്ള സുരക്ഷിത കവാടമാക്കി തീർത്തു.

ക്രിസ്തുവിൽ പ്രത്യാശയുള്ളവർക്ക് മരണം കാര്യം നിസ്സാരകാര്യമാണ്.

പക്ഷേ ഭയപ്പെടേണ്ട മറ്റൊരു മരണമുണ്ട്: ആത്മാവിന്റെ മരണം.

സ്വയം തിരിച്ചറിയാനാകാത്ത ദുരന്തമാണത്.

സർദ്ദിസിലെ സഭയിലെ ദൂതനെഴുതി :

'ജീവനുള്ളവനെന്ന് നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു' വെളി. 3:1

ഭക്തിയുടെ മേലാടകൾ അനേകം വാരിച്ചുറ്റിയ ജീവനുള്ളവനെന്നു പേരുള്ള ഞാൻ മരിച്ചവനാണോ ? മരണാസന്നമായ ആത്മാവാണോ എന്നിൽ ?

ഭയം തോന്നുന്നു.

ആത്മാവു മരിച്ചാൽ,

പ്രത്യാശയും പ്രതീക്ഷയും അസ്തമിക്കും. വിശ്വാസം തണുത്തുപോകും. കർമ്മശക്തി ചോർന്ന് പോകും.

നിരാശയും വെറുപ്പും നിഷ്ക്രിയത്വവുമൊക്കെ ഈ മരണാനന്തര ദുരന്തങ്ങളാണ്.

ബേർ – ശേബാ മരുഭൂമിയിൽ ചൂരച്ചെടിയുടെ ചുവട്ടിൽ മുഖമമർത്തി, ഇപ്പോൾ മതി, യഹോവെ, എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ, ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ എന്ന് വിലപിക്കുന്ന ഏലിയാവ് പ്രത്യാശ മരിച്ച ദുരവസ്ഥയിലാണ്.

മഞ്ഞും മഴയും നിരോധിക്കുവാനും ആകാശത്തു നിന്ന് അഗ്നി ഇറക്കുവാനുമൊക്കെ ദിവ്യനിയോഗം ലഭിച്ച ശ്രേയൽക്കരനായ പ്രവാചകനാണ് താളടിയായി വീണുകിടക്കുന്നതെന്നോർക്കണം.

ആത്മചൈതന്യം കെട്ടുപോയാൽ പോയില്ലേ കാര്യം. ജീവനുള്ളവനെങ്കിലും മരിച്ചവനായി

പ്രത്യാശ മരിച്ച മനസ്സിന് ഫാർമക്കോളജിയിൽ മരുന്നില്ല. മെഡിക്കൽ സയൻസിൽ ഡയഗ്നോസില്ല. കൈപിടിച്ചുയർത്തുവാൻ പ്രിയപ്പെട്ടവർക്ക് കഴിയുകയുമില്ല.

ആത്മചൈതന്യം ചോർന്ന് പോയവർ അങ്കത്തട്ടിൽ തളർന്ന് വീഴും. ലഹരിച്ചുഴിയിലേക്കും ആത്മഹത്യയിലേക്കും എടുത്ത് ചാടും. നിഷേധ മനോഭാവത്തോടെ ബന്ധങ്ങൾ തല്ലിത്തകർക്കും. ഭീകരമനോഭാവവും വിഭാഗീയ ചിന്തകളും നീതിയുടെ സൂര്യനസ്തമിച്ച മനസ്സിലെ അസുരഭാവങ്ങളാണ്.

പാപക്കനിയ്ക്ക് പണയംവയ്ക്കുന്ന ആത്മാവിന്റെ മേൽ സാത്താൻ മരണാസ്ത്രങ്ങളെയ്യുമ്പോൾ ആത്മാവ് മരിക്കുന്നു. ജീവനുള്ളവനെങ്കിലും മരിച്ചവനായി

തോട്ടം സൂക്ഷിപ്പുകാരോട് യഹോവ പറഞ്ഞു : ഈ കനി തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും.

യസക്കിയേൽ പ്രവാചകന്റെ ശബ്ദത്തിൽ വീണ്ടും ആ മുന്നറിയിപ്പ് ആവർത്തിച്ചു : പാപം ചെയ്യുന്ന ദേഹി മരിക്കും.

പാപത്തിന്റെ ശമ്പളം മരണമെന്ന് പൗലോസെഴുതി.

മോഹം ഗർഭം ധരിച്ച് ഉരുവാകുന്ന പ്രജയായ പാപം പൂർണ്ണ വളർച്ചയെത്തി ജനിക്കുന്ന ശിശുവാണ് മരണം – ആത്മമരണത്തിന്റെ അടിയൊഴുക്കുകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു യാക്കോബ്.

ജീവനുള്ളവനെന്നു പേരുണ്ടെങ്കിലും മരിച്ചവൻ !

പാപരോഗം പിടിപെട്ടാൽ ആത്മാവ് മരിക്കും. ദൈവത്തിന്റെ രൂപവും സാദൃശ്യവും ചൈതന്യവും കെട്ട് നിർവീര്യനായി വീണുപോകും

ജീവനുള്ളവനെങ്കിലും മരിച്ചവനാകും

പുറമെ വെള്ളതേച്ച ക്രിസ്താനി ശവക്കല്ലറകളുടെ അകത്തെ ദുരവസ്ഥയാണ് ചൈതന്യം കെട്ടു പോയ ആത്മാവ് !

ജീവനുള്ളവനെങ്കിലും . . . . . . . . . . . . . . . . . . . . .

അബരചുംബികളായ ദേവാലയങ്ങളും വിസ്മയ വർണ്ണഭാവമുണർത്തുന്ന ആത്മീയ സദസ്സുകളും ഉള്ള സഭയ്ക്ക് ജീവനുള്ളതെന്ന് പേരുണ്ടെങ്കിലും കാണാനും കാണിക്കാനും അവകാശവാദങ്ങൾ ഏറെയുണ്ടെങ്കിലും . . . . . . . ആത്മാവു നഷ്ടപ്പെട്ടാൽ പിന്നെന്തു ഫലം ?

ഈ മൃത്യുകുടീരങ്ങളിൽ ഒരു ഉയർപ്പ് സാധ്യമാണോ ?

യേസ്, സാധ്യമാണ്. വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം തീർച്ചയാണ്.

പ്രത്യാശ മരിച്ച മനസ്സുമായി എമ്മവുസ്സിലേയ്ക്ക് നടന്ന ശിഷ്യന്മാരോടൊപ്പം ക്രിസ്തു ചേർന്നപ്പോൾ ഹൃദയം ഉള്ളിൽ കത്തിയെന്നു സാക്ഷ്യം.

പാപമരണം ബാധിച്ച ആത്മാവിന് പുതുജിവൻ നല്കി തുയിലുണർത്തുവാൻ ഉയിർപ്പിന്റെ നാഥന് മാത്രമേ കഴിയു.

പ്രത്യാശ മരിക്കുമ്പോൾ, പ്രതീക്ഷ അസ്തമിക്കുമ്പോൾ അരുതാത്തതൊന്നും ചെയ്യരുത്. വികാരാവേശത്തിൽ തീപിടിച്ച മനസ്സിന്റെ പിറകെ ഓടരുത്. ദുരിതകാരണം തിരക്കി വഴിതെറ്റി പോകരുത്.

പിന്നെന്തുചെയ്യണം. ??

മരണത്തെ അതിജീവിച്ച ക്രിസ്തുവിനെ വിളിക്കണം. അവൻ നിന്നെ തൊട്ടുണർത്തും. കൈപിടിച്ചെഴുന്നേല്പിക്കും. ആത്മാവിന് പുതുജീവൻ പകരും. രക്ഷയുടെ സന്തോഷം കൊണ്ട് ഹൃദയം നിറയ്ക്കും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്ന് പറഞ്ഞ ജീവന്റെ തമ്പുരാന് മാത്രമേ ഇതിന് കഴിയൂ.

ആത്മീയ കോലാഹലങ്ങളിൽ ആടിപ്പാടി ആത്മസംതൃപ്തിയടയുന്ന വിശ്വാസികളിലെത്ര പേർ കരിന്തിരിയായ സ്വന്തം ദീപയഷ്ടികൾ കാണുന്നുണ്ട് ?

വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തരിച്ചറിയാത്ത പാവം ജനങ്ങളെ ഈ ദുരന്തം ബോദ്ധ്യപ്പെടുത്തുന്ന ഇടയന്മാരെത്രയുണ്ട് ?

കൂടുവിട്ടൊടുവിൽ പറക്കുമ്പോൾ കൂടെ കൊണ്ടു പോകാനൊരാത്മാവില്ലെങ്കിൽ എന്തെല്ലാം നേടിട്ടെന്തുഫലം തോഴാ . . . . . . .